# കാരുണ്യം കാണിക്കുന്നതിന്റെ മഹത്വം

അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«الرَّاحِمون يَرْحَمُهم الرَّحْمَـــنُ ، ارْحَموا مَنْ فِي الأَرْضِ يَرْحَمُكُم مَنْ فِي السَّمَاءِ»

«കാരുണ്യം കാണിക്കുന്നവരോട് കരുണാവാരിധിയായവൻ കരുണകാണിക്കും. നിങ്ങൾ ഭൂമിയിലുള്ളവരോട് കാരുണ്യം കാണിക്കുക; ആകാശത്തിലുള്ളവൻ നിങ്ങളോടും കരുണകാണിക്കും»[1]

അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«مَنْ لاَ يَرْحَمُ لا يُرْحَم»

«കാരുണ്യം കാണിക്കാത്തവന് കരുണ നൽകപ്പെടില്ല.» [2]

സ്വർഗ്ഗം അർഹിക്കുന്ന മൂന്നുവിഭാഗങ്ങളെ വിശദീകരിക്കുമ്പോൾ അവരിൽ ഒരു വിഭാഗത്തെക്കുറിച്ച് അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«وَرَجُلٌ رَحِيمٌ رَقِيقُ الْقَلبِ لِكُلِّ ذِي قُرْبَى وَمُسْلِمٍ»

«എല്ലാ അടുത്ത ബന്ധുക്കളോടും മുസ്‌ലിമിനോടും കാരുണ്യവാനും ലോലഹൃദയനുമായ വ്യക്തിയാണ്.» (മുസ്‌ലിം)

അമീർ നായിഫ് ഇബ്നു മംദൂഹ് ആലു സുഊദിന്റെ 'ഫുറസ്വു കസ്ബി ഥ്ഥവാബ്' എന്ന ഗ്രന്ഥത്തിൽ നിന്ന്
വിവർത്തനം: അബ്ദുൽ ജബ്ബാർ അബ്ദുല്ല

---

[1] സുനനുത്തിർമുദി. അൽബാനി ഹദീഥിനെ 'സ്വഹീഹാ'ക്കിയിട്ടുണ്ട്.

[2] അദബുൽ മുഫ്റദ്, ബുഖാരി. അൽബാനി ഹദീഥിനെ 'സ്വഹീഹ്' ആക്കിയിട്ടുണ്ട്.